**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5174** **14-03-2023 - ൽ മറുപടിയ്ക്ക്**

**കാലവർഷക്കെടുതിയിൽ ഉൾപ്പെടുത്തി അനുവദിച്ച തുക പുതുക്കി നൽകൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാലവർഷക്കെടുതിയിൽ ഉൾപ്പെടുത്തി റോഡ് അറ്റകുറ്റപ്പണി ചെയ്യുന്നതിന് അനുവദിച്ച തുക സമയപരിധി കഴിഞ്ഞതിനാൽ പുതുക്കി നൽകണമെന്ന് ആവശ്യപ്പെട്ട് കാസർഗോഡ് ജില്ലാ കളക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ഉണ്ട്.കാസറഗോഡ് ജില്ലയിൽ സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ നിന്നും ഭരണാനുമതി നൽകിയ റോഡ് പുനരുദ്ധാരണ പ്രവൃത്തികളിൽ 01.01.2023 മുതൽ സമയപരിധി കഴിഞ്ഞ റോഡ് പ്രവൃത്തികളുടെ ഭരണാനുമതി പുതുക്കുന്നതിനും പേരിൽ മാറ്റം വരുത്തുന്നതിനും മഞ്ചേശ്വരം, കാസറഗോഡ്,പരപ്പ എന്നീ ബ്ലോക്കുകളിലായി ഭരണാനുമതി നൽകിയ 86 പ്രവൃത്തികൾ അടങ്ങിയ പ്രൊപോസൽ കാസറഗോഡ് ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുണ്ട് . |
| (ബി) | അതിൽ ഏതൊക്കെ പ്രവൃത്തികൾക്ക് സമയം നീട്ടി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ? | (ബി) | ഇതിൽ 48 പ്രവൃത്തികളുടെ ഭരണാനുമതി ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ